**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **22-02-2022 - ൽ മറുപടിയ്ക്ക്**

**വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ചികിത്സാ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വെറ്റിലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒ.പി ബ്ലോക്ക് കെട്ടിട നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (എ) | ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ വെറ്റിലപ്പാറ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 15.5 ലക്ഷം രൂപ ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിക്കുകയും ആയതിന്റെ പ്രവർത്തികൾ കോസ്ററ് ഫോർഡ് തൃശ്ശൂരിന് നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ ഒ പി ബ്ലോക്കിന്റെ ഇൻഫ്രാസ്ട്രക്ച്ചർ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റീരിയർ വർക്കുകൾ, ഫർണീച്ചർ വാങ്ങൽ എന്നിവ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത ഒ.പി ബ്ലോക്കിന്റെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | നിമ്മാണ പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ഒ പി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | ഇവിടെ നിലവിൽ ആമ്പുലൻസ് സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിലവിൽ 108 ആംബുലൻസിന്റെ സേവനമാണ് ഉപയോഗിക്കുന്നത് |
| (ഡി) | ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ആർദ്രം പദ്ധതി മാനദണ്ഡപ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തിചികിത്സാ സൗകര്യം ലഭ്യമല്ല. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും രാവിലെ 9.00 മണിമുതൽ വൈകുന്നേരം 6 മണി വരെ ഔട്ട് പേഷ്യന്റ് സംവിധാനം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ